# കേരള സ® ക്കാ®

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോ® ട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയി® : dowyd.ksad@kerala.gov.in
ഫോ® : 0493-6203672

(രജിസ്റ്റ®  ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.
പി4-918/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 03/12/2024
ഇ-മെയി® :
dowyd.ksad@kerala.gov.in
ഫോ® : 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക®  പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക®  ഫണ്ട് ഓഡിറ്റ് ചട്ടം 23(1)®  നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട®  നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട®  ഇതി®  പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി®  ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ®  ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി®  ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ®  15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പ൪ : പി4-918/2024 കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. തീയ്യതി: 03/12/2024

## വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ൪ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ൪ട്ട്.

(1994 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക൪ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4) ) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ൪ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 28-10-2023 മുത൪ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി൪ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി൪ കണ്ടെത്തിയ അപാകതക൪ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി൪പ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുക൪ ന൪കിയതി൪ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ൪ട്ടി൪ ഉ൪പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി൪ മേലുള്ള തുട൪ നടപടിക൪ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി൪ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ൪ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ൪ശങ്ങ൪ 13-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി൪ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ൪ മാത്രമാണ് ഓഡിറ്റ് റിപ്പോ൪ട്ടി൪ ഉ൪പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന൪കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി൪ തയ്യാറാക്കി ഈ റിപ്പോ൪ട്ടി൪ ഉ൪പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി൪ മറ്റൊരു ഓഡിറ്റ് ഏജ൪സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ൪ :

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഖില മോഹൻ കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2024 | 13-09-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-09-2024 | 13-09-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ൪ :

ശ്രീ നവാസ് കെ.എം ഓഡിറ്റ് ഓഫീസർ

ശ്രീ ഷാജി പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത ടി കെ സിനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ വിപിൻചന്ദ്രൻ എം ടി ഓഡിറ്റർ

## (ബി)നിർ വഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ സതിഷ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി ജയസുധ കെ എ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർ വ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഡോറിസ് എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി വിനീത സി റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 20-07-2023 |
| ശ്രീ മുഹമ്മദ് നബീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 21-07-2023 | 31-03-2024 |
| ശ്രീമതി വിശാലത എ എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ മുഹമ്മദ് നൗഫൽ പി എ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി മറിയുമ്മ എം കെ | കൃഷിഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി സുനിത കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ ദാഹർ മുഹമ്മദ് | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2023 | 31-03-2024 |
| ഡോ അൽസ എ പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ ശ്രീജ എസ് | മെഡിക്കൽ ഓഫീസർ (ആയ്യൂർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ സ്മിത | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ വാഹിദ് എം എ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ അബ്ദുള്ള കെ പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 22-02-2024 |

| | | | |
|---|---|---|---|
| ശ്രീമതി അനാമിക മരിയബാബു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 23-02-2024 | 31-03-2024 |
| ശ്രീമതി സൗമ്യ എം പി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.; | 1-1-3 |
| 5 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല. | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-5 |
| 7 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-10 |
| 12 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | വാർഷിക കണക്കിലെ മറ്റ് അപാകതകൾ | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |

| | | |
|---|---|---|
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 22 | ക്ഷേമപദ്ധതികൾ | 1-7 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 25 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 26 | 2023-24 സാമ്പത്തിക വർഷം- വാടകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. | 1-11 |
| 27 | മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-12 |
| 28 | പത്രപരസ്യ ചാർജ്ജിൽ അർഹമായ ഇളവ് ലഭ്യമാക്കിയിട്ടില്ല | 1-13 |
| 29 | തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവ് | 1-14 |
| 30 | കുഴൽ കിണർ പ്രവൃത്തി- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-15 |
| 31 | സമഗ്ര ശിക്ഷാ കേരള പദ്ധതി പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം /ഭൗതിക നേട്ടറിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-16 |
| 32 | നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം- പ്രവർത്തനം അവലോകനം | 1-17 |
| 33 | നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യു കരാർ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല. | 1-18 |
| 34 | നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക്-ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ അപാകതകൾ | 1-19 |
| 35 | ഭിന്നശേഷി സ്കോളർഷിപ്പ്- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-20 |
| 36 | ഐസിഡിഎസ് ഓഫീസ് കണ്ടിജന്റ് ചെലവുകൾ അപാകതകൾ | 1-21 |
| 37 | നിരപ്പം ഇൻഡോർ സ്റ്റേഡിയം - റവന്യൂ വകുപ്പിന്റെ ലീസ് ഭൂമിയിൽ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മാണം നടത്തി. | 1-22 |
| 38 | ഹെറിറ്റേജ് ട്രൈബൽ മ്യൂസിയം - സർക്കാർ സാധൂകരണം ലഭ്യമാകാത്ത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചു. | 1-23 |
| 39 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് വാങ്ങിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-24 |
| 40 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-25 |


ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | Abstract Of Annual Financial Statements |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷ® 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങ® 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവ® മെന്റ്/ കേന്ദ്ര ഗവ® മെന്റ്, ധനകാര്യ കമ്മീഷ® , മറ്റ് ഫണ്ടിംഗ് ഏജ® സിക® എന്നിവർ കാലാകാലങ്ങളി® പുറപ്പെടുവിക്കുന്ന മാ® ഗ്ഗനി® ദ്ദേശങ്ങളും പാലിക്ക® നി® ദ്ദേശങ്ങളും അനുസരിച്ച് 15.06.2024 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 20.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുക® ക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാ® ച്ച് 2024 അവസാനിച്ച വ® ഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാല® സ് ഷീറ്റും ഉ® പ്പെടുന്ന സാമ്പത്തിക പ്രസ്താവനക® ഞാ® ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുക® തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാ® ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG ന® കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാ® ഷ്യ® ഓഡിറ്റിനുള്ള മാ® ഗ്ഗനി® ദ്ദേശങ്ങ® ക്കും അനുസരിച്ചാണ് ഞാ® എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനക® വസ്തുതാപരമായ തെറ്റിദ്ധാരണകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാ® ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ® /മാ® ഗ്ഗനി® ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുക® പരിശോധിക്കുന്നത് ഓഡിറ്റി® ഉ® പ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ® പ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് ന® കുമെന്ന് ഞാ® വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാ® ഷ്യ® ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും ന® കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോ® ട്ടിലെ എന്റെ നിരീക്ഷണങ്ങ® ക്ക് വിധേയമായി ഞാ® ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

അനുബന്ധ റിപ്പോ® ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തി® വിവരിച്ചിരിക്കുന്ന കാര്യങ്ങ® ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ® ക്ക് വിധേയമായി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2023 - 24 വ® ഷത്തേക്കുള്ള വാ® ഷിക സാമ്പത്തിക പ്രസ്താവനക® സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം ന® കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

കൽപ്പറ്റ
03.12.2024

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങ® പ്രകാരമുള്ള എല്ലാ പത്രികകളും വാ® ഷിക കണക്കി® ഉ® പ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 15.06.2024 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് 20.06.2024 -ന് ഓഡിറ്റിന് സമർപ്പിച്ച 2023-24 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ ത® വ® ഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയി® മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേ® ത്തിരിക്കുന്ന തുകയും

പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പം നീക്കിയിരിപ്പം തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ആകെ ക്യാഷ് ഫ്ലോ | 9976612 |
| മുന്നിരിപ്പം നീക്കിയിരിപ്പം തമ്മിലുള്ള വ്യത്യാസം | 11313939 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-3 ചെക്ക് നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.;

ഗ്രാമ പഞ്ചായത്ത് ഇഷ്യു ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, കല്ലൂർ | 40179100150357 | 017176/28.01.2021 | 71,000.00 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്. 3 വർഷം കഴിഞ്ഞതിനാൽ പ്രസ്തുത തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-1-4 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതു വരെ ക്രെഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് | ചെക്ക് നം./തീയതി | തുക |
|---|---|---|---|---|
| 1 | കേരള ബാങ്ക്, കല്ലൂർ | 40179100150357 | 2483677/07.09.2020 | 13,500.00 |
| | | | 1379556/27.08.2020 | 10,000.00 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ബാങ്കിൽ നൽകിയ ചെക്ക് പണമാകാതെ മടങ്ങിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.

സെക്രട്ടറിയുടെ പദ്ധതി പ്രകാരം വിവിധ കോളനികളിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി ഭൂജലവകുപ്പിന് 6,68,059/- രൂപ മുൻകൂറ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷികകണക്കിൽ Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-6 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ടെണ്ടർ ഫോറം രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023 - 24ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ "110100101-Property Tax On Residential Buiding" എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023 - 24 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/23 മുതൽ 31/03/2024 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക രണ്ട് തവണയായി ( 30/12/2023, 31/03/2024 ) മാത്രം രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-8 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-9 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി ,നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-10 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ ബാലൻസും പൊരുത്തപ്പെടുന്നില്ല

(A)ധനകാര്യകമ്മീഷൻ ഗ്രാന്റ് വാർഷിക കണക്ക് ഷെഡ്യൂൾ B-4, B-17 എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| B-4 | B-17 | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| 2,11,87,949 (10050631+11137318) | 21131381 | 56568 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(B) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 13(4B) പ്രകാരം പ്രത്യേക ആവശ്യ ഗ്രാന്റുകൾക്ക് പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സൂക്ഷിച്ചിട്ടില്ല.

ഉദാ:- Total Sanitation

## 1-1-12 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ടിന്റെ അപര്യാപ്തത കാരണം വർഷാവസാനം പേയ്മെന്റ് നടത്താനാവാത്ത പൂർത്തിയാക്കിയ പ്രോജക്റ്റുകളുടെ തുക ബാധ്യതയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 95,94,980/- രൂപ ക്യൂബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്.

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇ-ടെണ്ടർ ഫോറം വിലയിനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്കിൽ കിട്ടാനുള്ള തുകയായി ഉൾപ്പെടുത്തിയിട്ടില്ല. അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-14 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് | രജിസ്റ്റർ |
|---|---|---|
| ലോൺ രജിസ്റ്റർ (മുൻബാക്കി) | 62118742 | 62049563 |
| ഡെപ്പോസിറ്റ് രജിസ്റ്റർ (Contractors Retension )വരവ് | 8354 | 65154 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23 -24 /തീയതി 13.09.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-15 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

വാർഷിക കണക്ക് ഷെഡ്യൂൾ B-5, B-16 എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

| B-5 | B-16 | വ്യത്യാസം |
|---|---|---|
| 57229304 | 54518483 | 2710821 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) എന്നിവയുടെ ചെലവ് വാർഷിക കണക്കിലും, സുലേഖ ചെലവ് പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | വാർഷിക കണക്ക് | ചെലവ് പത്രിക | വ്യത്യാസം |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ) | 6011253 (13,18,617 +4692636) | 6178683 | 167430 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ) | 7268273 (46,61,404+ 2606869 ) | 7445618 | 177345 |

അപാകത ചൂണ്ടി കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (15/23-24/തീയതി 13.09.2024) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് 21.02.2023 തീയതിയിലെ 7(1) തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 03.02.2024 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 1619139 |
| വരവ് | 661746000 |
| ആകെ | 663365139 |
| ചെലവ് | 660858000 |
| നീക്കിയിരിപ്പ് | 2507139 |

ബജറ്റിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,05,45,668 |
| വരവ് | 7,88,96,819 |
| ആകെ | 11,94,42,487 |
| ചെലവ് | 6,75,82,880 |
| നീക്കിയിരിപ്പ് | 5,18,59,607 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നഷ്ടപ്പെട്ട/ നിക്കീയിരിപ്പുള്ള തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 49424000 | 49424000 | 41117844 | 8306156 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 2511000 | 2511000 | 2160461 | 350539 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 29848000 | 29848000 | 25923656 | 3924344 |
| മെയിന്റനൻസ്, റോഡ് | 0 | 13706000 | 13706000 | 4047190 | 9658810 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6024600 | 6024600 | 5420112 | 604488 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ) | 9648947 | 8756669 | 18405616 | 7268298 | 11137318 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ) | 9460505 | 6601379 | 16061884 | 6011253 | 10050631 |

കുറിപ്പ് - 1.ഗ്രാമപഞ്ചായത്തിന് തൻവർഷം ലഭിച്ച വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) വികസനഫണ്ട് (ടി.എസ്.പി ) എന്നിവയുടെ വരവ് എ.സി.ആർ പ്രകാരമുള്ള അലോട്ട്മെന്റും ജി.ഒ പ്രോജക്ട് പ്രകാരമുള്ള ചെലവും ഉൾപ്പെടെയുള്ള തുകയാണ്.

2.സ്ഥാപനത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

3. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ) വാർഷിക കണക്കിലും, സുലേഖ ചെലവ് പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | വാർഷിക കണക്ക് | ചെലവ് പത്രിക | വ്യത്യാസം |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ) | 6011253 (13,18,617 +4692636) | 6178683 | 167430 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ) | 7268273 (46,61,404+ 2606869 ) | 7445618 | 177345 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 348 | 462668317 | 197 | 123954729 | 152 | 56.6% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 8 | 8 | 13920000 | 12951753 | 93.04 |
| വെറ്ററിനറി സർജൻ | 10 | 6 | 3512291 | 2488848 | 70.82 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 32 | 31 | 17916509 | 13742952 | 76.70 |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 7 | 6 | 2525000 | 2121980 | 84.03 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 650000 | 487457 | 74.99 |
| വില്ലേജ് എക്സ്റ്റൻഷൻ | 16 | 13 | 277013489 | 36835979 | 13.30 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 11 | 11072158 | 6608842 | 59.68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 204 | 68 | 100426715 | 20213927 | 20.12 |
| ഡയറി ഫാം ഓഫീസർ | 3 | 2 | 6768800 | 4474159 | 66.09 |
| സെക്രട്ടറി | 38 | 35 | 25278080 | 21325477 | 84.36% |
| അസി.സെക്രട്ടറി | 6 | 5 | 1850000 | 1597724 | 86.36 |
| ഹെഡ്മാസ്റ്റർ | 7 | 7 | 1495275 | 1041668 | 69.66 |
| സബ്ബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 240000 | 63963 | 26.65 |
| | 348 | 197 | 462668317 | 123954729 | 26.79 |

സെക്രട്ടറി നടപ്പിലാക്കിയ ജി.ഒ പ്രോജക്ടുകളിൽ പദ്ധതി വകയിരുത്തൽ ഇല്ലാതെ ചെലവഴിച്ചതായി കാണിച്ചതിനാൽ ചെലവ് ശതമാനം 100% ൽ അധികരിച്ചിരിക്കുന്നു .

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5149 | 1403101 | 1408250 | 1408250 | Nil |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | Nil | 70011558 | 70011558 | 70011558 | Nil |
| മെറ്റീരിയൽ പ്രവൃത്തി | Nil | 10729577 | 10729577 | 10729577 | Nil |
| സ്കിൽഡ് ലേബർ | Nil | 1986502 | 1986502 | 1986502 | Nil |
| ആകെ | 5149 | 84130738 | 84130738 | 84130738 | Nil |

തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക്പ്രകാരമുള്ള കണക്കുകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കും ക്യാഷ് ബുക്കും പ്രകാരം ആകെ ചെലവിൽ 1025272/- രൂപയുടെ വ്യത്യാസമുണ്ട്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | Nil | Nil |
| കർഷകതൊഴിലാളി പെൻഷൻ | 3200000 | 253 |
| വിധവാ പെൻഷൻ | 17740800 | 2220 |
| വാർദ്ധക്യകാല പെൻഷൻ | 27993600 | 1390 |
| ഭിന്നശേഷി പെൻഷൻ | 3865600 | 307 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 819200 | 65 |
| വിവാഹധനസഹായം | 30000 | 1 |

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങൾ ആണ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളത്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/09/2024 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5745/- രൂപ(ആയ്യായിരത്തി

ഏഴുന്നൂറ്റി നാൽപ്പത്തി അഞ്ച് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 To 24.11.2021 | 2021-22 | 16.02.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.03.2023 To 25.03.2023 | 2017-18 To 2021-22 1 | 25.05.2023 |

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് ചേരുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുമുണ്ട്. ഓഡിറ്റ് കാലയളവിൽ ഫ്രണ്ട് ഓഫീസിൽ ലഭിച്ച 6432 അപേക്ഷകളിൽ 6394 (99.4%) തീർപ്പാക്കിയിട്ടുണ്ട്. 18-09-2024 തീയതി വരെ ഫ്രണ്ട് ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ സമയപരിധികഴിഞ്ഞ 108 എണ്ണം തീർപ്പാക്കുന്നതിന് അവശേഷിക്കുന്നുണ്ട്. അപേക്ഷകളിൽ സമയപരിധിക്കകം തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷത്തെ ഉൾപ്പടെ വിവരാവകാശനിയമ പ്രകാരം ലഭിച്ച 52 അപേക്ഷകളിൽ 52 അപേക്ഷകൾ തൻവർഷം തന്നെ തീർപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ ശതമാനം വളരെ കുറവാണ്.

## 1-11 2023-24 സാമ്പത്തിക വർഷം- വാടകയി® വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഷോപ്പിംങ് കോംപ്ലക്സി® 5/418-ാം മുറിയി® പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയി® 2022-23 സാമ്പത്തിക വർഷത്തെ വാടകയെ അപേക്ഷിച്ച് 2023-24 വർഷത്തെ വാടകയി® 5% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഉടമസ്ഥ® / കെട്ടിട നം | 2022-23 വർഷം അടവാക്കിയ വാടക | 2023-24 വർഷം അടവാക്കിയ വാടക | 2023-24വർഷം അടവാക്കേണ്ട വാടക(5% വർദ്ധനവ് ഉ® പ്പെടെ) | വ്യത്യാസം |
|---|---|---|---|---|
| അസ്സി.മാനേജർ മാവേലി സ്റ്റോറ്(5/418) | 55655+GST | 55644+GST | 58437+GST | 2793+GST |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാ® ആവശ്യപ്പെട്ട് ന® കിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 10/12.09.24) മറുപടിയായി ടി കെട്ടിടത്തിന്റെ വാടക സർട്ടിഫിക്കറ്റ് 30.04.2021 ന് തന്നെ വാടകയിനത്തിൽ മാറ്റം വരുത്തുന്നതിന് പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷന് അസി. എഞ്ചിനീയർ സുൽത്താൻ ബത്തേരിക്ക് സമർപ്പിച്ചിട്ടുള്ളതും ആകുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ബഹു. പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ ടി കെട്ടിടത്തിന്റെ വാടകയിൽമാറ്റം വരുത്തുന്നതായിരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. വാടകയി® വർദ്ധനവ് വരുത്തി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 മുഴവ® മരുന്നുകളും ലഭ്യമായിട്ടില്ല

2023-24 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരുന്ന് വാങ്ങ® പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 22/23 |

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പ® സറിക്ക് മരുന്ന വാങ്ങ® |
| അടങ്ക® | ₹300000 |
| ഫണ്ട് | (മെയിന്റെന® സ് റോഡ്(നോൺ റോഡ്)) |
| ചെലവ് | ₹300000<br>BRN-23180352017000614736 Dtd 10/10/23 - ₹300000 |

മേ® പദ്ധതി പ്രകാരം ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് ₹300000 /-രൂപ മു® കൂറായി (ഹോംകോ രസീത് നം.7985) ന® കയിരുന്നു. എന്നാൽ ₹86776/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.
മേ® അപാകത സംബന്ധിച്ച് ന® കിയ ഓഡിറ്റ് അന്വഷണത്തിനുള്ള ( 07/10.09.24) മറുപടിയി® മരുന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകളോ, മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ലഭ്യമാകാനുള്ള മരുന്നിന്റെ തുക ₹86776 /- ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു

## 1-13 പത്രപരസ്യ ചാർജ്ജിൽ അർഹമായ ഇളവ് ലഭ്യമാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിൽ മാതൃഭൂമി പത്രത്തിന് പത്രപരസ്യത്തിന് തുക നൽകിയപ്പോൾ അർഹമായ ഇളവ് ലഭിച്ചില്ല. സർക്കാർ ഉത്തരവ് 17/(P) I&PRD Dtd 8.12.15 പ്രകാരം പത്രപരസ്യം നൽകുമ്പോൾ സർക്കാർ സ്ഥാപനങ്ങൾക്ക് 15 ശതമാനം ഇളവ് പത്രസ്ഥാപനങ്ങൾ അനുവദിക്കണം. മലയാള മനോരമ, ദേശാഭിമാനി, വീക്ഷണം, ചന്ദ്രിക എന്നീ പത്രസ്ഥാപനങ്ങൾ 15 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരമുള്ളഇളവ് നൽകാതെ പത്രപരസ്യത്തിന് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ,തീയതി | പരസ്യം വിഷയം | പരസ്യം പ്രസിദ്ധീകരിച്ച തീയതി | നൽകിയ പരസ്യ തുക | അധികം നൽകിയ തുക | പത്രം |
|---|---|---|---|---|---|
| 1) 22300667/27.11.23 | തൊഴിലുറപ്പ് പദ്ധതി | 3.11.23 | 6720 | 1008 | മാതൃഭൂമി |
| 2) 22300247/4.7.23 | ലേലം | 28.6.23 | 6552 | 983 | മാതൃഭൂമി |
| 3)22300248/4.7.23 | വസ്തു നികുതി പരിഷ്കരണം | 27.6.23 | 36288 | 5443 | മാതൃഭൂമി |
| 4)22300171/7.6.23 | ടെണ്ടർ | 6.4.23 | 5376 | 806 | മാതൃഭൂമി |
| 5)22300178/7.6.23 | ലേലം | 5.3.23 | 6720 | 1008 | മാതൃഭൂമി |
| 6)22300179/7.6.23 | ലേലം | 9.3.23 | 12096 | 1814 | മാതൃഭൂമി |
| 7)22300192/14.6.23 | ടെണ്ടർ | 16.10.23 | 6720 | 1008 | മാതൃഭൂമി |
| 8)22300204/20.6.23 | ലേലം | 1.6.23 | 4032 | 605 | മാതൃഭൂമി |
| 9)22300205/20.6.23 | ക്വട്ടേഷൻ | 1.6.23 | 5378 | 807 | മാതൃഭൂമി |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 89882 | 13482 | |

ഇഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/13.9.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക മാതൃഭൂമി പത്ര സ്ഥാപനത്തിൽ നിന്ന് തിരിച്ച പിടിക്കേണ്ടതാണ്. അധികം നൽകിയ 13482 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-14 തൊഴിലുറപ്പ് പദ്ധതി -ഭരണ ചെലവ്

2023-24 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാരുടെയും ഓഫീസിന്റെയും ഭരണ ചെലവുകൾക്കായി ജനറൽ പർപസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭ്യമാകാത്തതിനാലാണ് ജനറൽ പർപസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത്. സർക്കാർ ഉത്തരവ് 2941/2017/ LSGD Dtd 26.8.2017 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ ജനറൽ പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി ഫണ്ട് മുഴുവൻ ലഭിക്കാത്തതിനാൽ തുക തിരികെ ജനറൽ പർപ്പസ് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| 2023-24 മുൻബാക്കി | 23,11,228 |
| 2023-24ചെലവ്( തനത് ഫണ്ട്) | 21,54,930 |
| 2023-24 ൽ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കിയത് | 14,11,964 |
| 31.3.2024ന് ജനറൽ പർപസ് ഫണ്ടിലേക്ക് അടക്കാൻ ബാക്കി നിൽക്കുന്ന തുക | 30,54,194 |

ഇഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/13.9.2024) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുമ്പോൾ ജനറൽ പർപസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ജനറൽ പർപസ് ഫണ്ടിലേക്ക് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-15 കുഴൽ കിണർ പ്രവൃത്തി- വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണം: ഗ്രാമപഞ്ചായത്ത് സെക്രട്ടറി
ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തുകകൾ വിവിധ ആവശ്യങ്ങൾക്ക് നൽകിയിട്ടുണ്ട്.

| പ്രവർത്തിയുടെ പേര്. | തുക/ബിൽ നം. | തുക കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|
| ഓടപ്പള്ളം പണിയകോളനി -കുഴൽ കിണറിന്പ്ലാറ്റ് ഫോം ഹാൻഡ് പമ്പ് | 50752 (CFC) 22300464/4.9.23 | ജില്ലാ ഓഫീസർ ഭൂജല വകുപ്പ്, വയനാട് |

| | | |
|---|---|---|
| | | |
| മാത മംഗലം ഉണ്ടി പണിയകോളനി -കുഴൽ കിണർ-വൈദ്യുതി-മോട്ടോർ പ്രവൃത്തി | 2,17,966( MLA Fund 2022-23) Vr 22300368/8.8.23 | ജില്ലാ ഓഫീസർ ഭൂജല വകുപ്പ്, വയനാട് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/13.9.2024) മറുപടി നൽകിയിട്ടില്ല. മുകളിൽ പറഞ്ഞ വിഹിതങ്ങളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ/ഭൗതിക നേട്ടപുരോഗതി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 2,68,718/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 സമഗ്ര ശിക്ഷാ കേരള പദ്ധതി പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം / ഭൗതിക നേട്ടറിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന പ്രോജക്ട് പ്രകാരം സമഗ്ര ശിക്ഷാ കേരള പദ്ധതിക്കായി 2023-24 വർഷത്തിൽ സെക്രട്ടറി പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1)പ്രോജക്ട് നമ്പർ | എസ്.003/24 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹3,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവ് (തുക & വൗച്ചർ നമ്പർ) | ₹3,00,000/-, BRN 890571/5.12.2023 |

പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 84/2022/തസ്വഭവ, തീയതി 19/04/2022) ഖണ്ഡിക 8.6 (3) അനുസരിച്ച് എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. പ്രോജക്ട് പൂർത്തികരണത്തിന് ശേഷം എസ്.എസ്.കെ. വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.6 (4) അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ. -ക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതതു തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. -യിൽ നിന്നു കൃത്യമായി നൽകണം.

മേൽ പറഞ്ഞ പദ്ധതി മാർഗ്ഗരേഖ നിർദ്ദശങ്ങൾ അനുസരിച്ച് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, ഓരോ സ്കൂളിലും നടത്തിയ പ്രവർത്തനങ്ങൾ/ പരിപാടികൾ എന്നിവയുടെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം മോണിറ്ററിംഗ് റിപ്പോർട്ട്, പഞ്ചായത്തുതല എഡ്യുക്കേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/6.9.2024) മറുപടി നൽകിയിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹3,00,000/- തടസ്സത്തിൽ വെക്കുന്നു. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

## 1-17 നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം- പ്രവർത്തനം അവലോകനം

242.97 ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള പകുതിയിലധികം ഭൂമിയും വനമേഖലയായ , ആകെ ജനസംഖ്യയുടെ 40%ട്രൈബൽ പോപ്പുലേഷൻ ഉള്ള പഞ്ചായത്താണ് നൂൽപ്പുഴ. നൂൽപ്പുഴ ആരോഗ്യ കേന്ദ്രം ഫാമിലി ഹെൽത്ത് സെന്റർ (FHC) പദവിയിലുള്ളതാണ്. കഴിഞ്ഞ അഞ്ചുവർഷമായി ദേശീയ-സംസ്ഥാന പുരസ്കാരങ്ങൾ തുടർച്ചയായി കരസ്ഥമാക്കാൻ നൂൽപ്പുഴ ആരോഗ്യ കേന്ദ്രത്തിന് കഴിഞ്ഞിട്ടുണ്ട്.

ഓഡിറ്റ് വർഷം ആരോഗ്യ മേഖലയിൽ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 32 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 31 പ്രോജക്ടുകളുടെ നിർവഹണം നടത്തുകയും ചെയ്തിട്ടുണ്ട്. ആകെ വകയിരുത്തിയ 1,79,16,509 രൂപയിൽ 1,37,42,952 രൂപയും മെഡിക്കൽ ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 77 ശതമാനവും വിനിയോഗിച്ചു.പ്രോജക്ട് നിർവഹണം വിലയിരുത്തുന്നതിനായി ഓഡിറ്റ് ടീം ഫാമിലി ഹെൽത്ത് സെന്റർ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

ഇ ഹെ® ത്ത് സംവിധാനം, ജിംനേഷ്യം, ആദിവാസി വിഭാഗത്തി® നിന്നുള്ള ഗ® ഭിണിക® ക്കുള്ള പ്രസവ പൂ® വ്വ വിശ്രമ കേന്ദ്രം, 5 കിലോമീറ്റ® ചുറ്റളവിലുള്ള വയോജനങ്ങളായ രോഗികളെ എത്തിക്കാ® ഇലക്ട്രിക് റിക്ഷക® , സ്ത്രീക® ക്ക് നാപ്കി® വെൻറിംഗ് മെഷീനക® , കുട്ടിക® ക്കുള്ള കളിയിടം, ഇ ടോയ് ലെറ്റുക® , രോഗികളുടെ കൂട്ടിരിപ്പുകാ® ക്ക് സംഗീതം ആസ്വദിച്ച് ഇരിക്കാ® കഴിയുന്ന വിശ്രമ കേന്ദ്രം.അത്യാധുനിക ദന്ത® , ഫിസിയോ തെറാപ്പി യൂണിറ്റുക® ,ക്യാൻസർ രോഗനിർണ്ണയ പരിപാടികൾ,ആദിവാസി വിഭാഗത്തിൽ നിന്നുള്ള രോഗികൾക്കുള്ള ചികിൽസാ പദ്ധതികൾ, അരിവാൾ രോഗ ചികിൽസ, കിടത്തി ചികിൽസാ രോഗികൾക്ക് ഭക്ഷണം ,വയോജനങ്ങൾക്കും സ്ത്രീകൾക്കും ഉള്ള ചികിൽസാ പദ്ധതികൾ എന്നിവ നടപ്പിലാക്കാൻ സാധിച്ചു.ആശുപത്രിയുടെ വികസന സാധ്യതകൾ പഠിച്ച് വ്യക്തമായ ആലോചനയും ആസൂത്രണവും നടത്തുകയും പ്രവർത്തനങ്ങൾ ഏകോപിക്കുകയും ചെയ്യുന്നതിന് മെഡിക്കൽ ഓഫീസർക്ക് സാധിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1) സ്ഥലപരിമിതിയാണ് നിലവിൽ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്റർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി. ആയതിനാൽ കൂടുതൽ സ്ഥലം ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്. ഫാമിലി ഹെൽത്ത് സെന്ററിന് പുതുതായി സ്ഥലം ലഭ്യമാക്കാൻ സാധ്യതയുണ്ടോ എന്ന് അന്വേഷിക്കേണ്ടതാണ്.

2) പല വർഷങ്ങളിലായി ധാരാളം ഉപകരണങ്ങൾ ഫാമിലി ഹെൽത്ത് സെന്ററിലേക്ക് വാങ്ങിയിട്ടുണ്ട്. സ്ഥലപരിമതികാരണം എല്ലാ ഉപകരണങ്ങളും പ്രവർത്തിപ്പിക്കാൻ പ്രയാസം നേരിടുന്നുണ്ട്. ആയതിന് പരിഹാരം കാണേണ്ടതാണ്. ചികിൽസാവശ്യാർത്ഥം വാങ്ങിയ ഉപകരണങ്ങൾ ഫലപ്രദമായി ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ വരും വർഷങ്ങളിൽ ചികിൽസാ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

## 1-18 നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്ത കരാർ ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല.

നിർവ്വഹണം- മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.)

നൂൽപ്പുഴ കുടുബാരോഗ്യ കേന്ദ്രത്തിൽ പഞ്ചായത്ത് പദ്ധതി പ്രകാരം ഓരോ അർദ്ധ വർഷവും രണ്ട് മാസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം. | പദ്ധതിയുടെ പേര്. | ചെലവ് തുക/ബിൽ നം. |
|---|---|---|
| 1)31/24 | ആർദ്രം-ഗോത്രസ്പർശം<br>അടങ്കൽ- 8,00,000(TSP) | 5,02, 732(TSP)<br>ബിൽ<br>1) 68691/ 6.5.23 - 19820 രൂപ<br>2)75299/ 9.5.23 - 47080രൂപ<br>3)176032/ 8.6..23 - 95259 രൂപ<br>4)267759/ 4.7.23 - 50700 രൂപ<br>5)750637/ 7.11.23 - 73027 രൂപ<br>6)755807/ 8.11.23 - 21400 രൂപ<br>7)755850/ 8.11.23 - 35565 രൂപ<br>8)755862/ 8.11.23 - 54170 രൂപ |

| | | |
|---|---|---|
| | | 9)916382/ 11.12.23 - 43626 രൂപ<br>10)1479618/ 24.3.24 - 18750രൂപ<br>11)1479777/ 24.3.24 - 43335രൂപ<br><br>ആകെ: 5,02,732 രൂപ |
| 2)29/24 | ആർദ്രം-സായാഹ്ന ഒ പി-വേതനം<br>അടങ്കൽ- 11,52,235(General) | 10,53,235(General)<br>ബിൽ<br>1) 68672/ 6.5.23 - 98500 രൂപ<br>2)155452/ 2.6.23 - 98500രൂപ<br>3)267754/ 4.7.23 - 97550രൂപ<br>4)402056/ 5.8.23 - 87885രൂപ<br>5)495851/ 24.8.23 - 3600 രൂപ<br>6)512990/ 4.9.23 - 84000 രൂപ<br>7)755799/ 8.11.23 - 97500 രൂപ<br>8)750785/ 7.11.23 - 98000 രൂപ<br>9)880270/ 4.12.23 - 95000 രൂപ<br>10)1022186/ 4.1.24 - 98000രൂപ<br>11)1479968/ 24.3.24 - 97000രൂപ<br>12)1480086/ 24.3.24 - 98000രൂപ<br>ആകെ: 10,53,535 രൂപ |
| 3)30/24 | ആർദ്രം-സമഗ്ര ആരോഗ്യ പുനരധിവാസ പദ്ധതി<br>അടങ്കൽ- 23,00,000<br>(General -10,00,000 +<br>7,00,000(TSP) +<br>6,00,000(Block)) | ചെലവ്- 14,50,535 രൂപ<br>(General -8,41,616 +<br>9584(TSP) +<br>5,99,335(Block))<br>ബിൽ<br>1) 68661/ 6.5.23 - 1,67,220 രൂപ<br>2)155466/ 2.6.23 - 1,72,090രൂപ<br>3)315022/ 13.7.23 - 1,70,680രൂപ<br>4)420865/ 9.8.23 - 1,69,630രൂപ<br>5)495906/ 24.8.23 - 9600 രൂപ<br>6)513011/ 4.9.23 - 1,34,020 രൂപ<br>7)622640/ 5.10.23 - 1,40,280രൂപ<br>8)732478/ 3.11.23 - 1,18,745 രൂപ<br>9)750795/ 7.11.23 - 16,900 രൂപ<br>10)880329/ 4.12.23 - 13,549രൂപ<br>11)880277/ 4.12.23 - 1,50,780രൂപ<br>12)1011278/ 3.1.24 - 1300രൂപ<br>13)1022190/ 4.1.24 - 154457രൂപ<br>14)1030908/ 6.1.24 - 23000രൂപ<br>15)1031435/ 6.1.24 - 1082രൂപ |

| | | |
|---|---|---|
| | | 16)1479895/ 24.3.24 - 7202രൂപ<br>ആകെ: 14,50,535 രൂപ |
| 2)26/24 | ആർദ്രം-ഇ ഹെൽത്ത് ടെക്നിക്കൽ<br>അസി.വേതനം<br>അടങ്കൽ- 3,90,000(General) | 3,26,200(General)<br>ബിൽ<br>1) 68666/ 6.5.23 - 32500 രൂപ<br>2)155439/ 2.6.23 - 32500രൂപ<br>3)267756/ 4.7.23 - 32500രൂപ<br>4)402035/ 5.8.23 - 32500രൂപ<br>5)495839/ 24.8.23 - 1200രൂപ<br>6)512971/ 4.9.23 - 32500 രൂപ<br>7)750727/ 8.11.23 - 32500 രൂപ<br>8)750757/ 7.11.23 - 32500 രൂപ<br>9)880246/ 4.12.23 - 32500 രൂപ<br>10)1022171/ 4.1.24 - 32500രൂപ<br>11)1480044/ 24.3.24 - 32500രൂപ<br>ആകെ: 3,26,200 രൂപ |

മേൽ  പദ്ധതികളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത ജീവനക്കാർ താഴെ പറയും വിധം വേതനം കൈപ്പറ്റിയിട്ടുണ്ട്

| ക്രമനം | പേര് | തസ്തിക | കൈപ്പറ്റിയ വേതനംഒന്നാം അർദ്ധവർഷം(4/2023 മുതൽ 9/2023 വരെ) | കൈപ്പറ്റിയ വേതനം രണ്ടാം അർദ്ധവർഷം(10/2023 മുതൽ 3/2024 വരെ) |
|---|---|---|---|---|
| 1 | അശ്വതി കെ കെ | സ്റ്റാഫ് നഴ്സ് | 64800 | 0 |
| 2 | പുഷ്പ | ഹെൽത്ത് വർക്കർ | 90000 | 45000 |
| 3 | സൗമ്യ പി ജി | മൾട്ടി പർപസ് വർക്കർ | 50200 | 10000 |
| 4 | മായ എൻ സി | സ്റ്റാഫ് നഴ്സ് | 7800 | 46200 |
| 5 | ഷെൽബി കെ എസ് | സ്റ്റാഫ് നഴ്സ് | 90000 | 75000 |
| 6 | ഹർഷ മാർക്കോസ് | ഫാർമസിസ്റ്റ് | 51000 | 0 |
| 7 | ലജ്ന നാസർ | ലാബ് ടെക്നീഷ്യൻ | 83635 | 68500 |
| 8 | ഡോ.വസന്ത് ലാൽ | ഡോക്ടർ | 324000 | 270000 |
| 9 | മിനുവർഗ്ഗീസ് | ഫാർമസിസ്റ്റ് | 0 | 72500 |
| 10 | സോണി ജോർജ് | സ്പീച്ച് തെറാപ്പിസ്റ്റ് | 96000 | 48000 |
| 11 | അമൽ കെ ഫ്രാൻസിസ് | ഫിസിയോതെറാപ്പിസ്റ്റ് | 148800 | 0 |
| 12 | സൗമ്യ പി ബി | നഴ്സിംഗ് അസിസ്റ്റന്റ് | 90000 | 45000 |
| 13 | ജൂനൈദ അൻഷിദ | നഴ്സിംഗ് അസിസ്റ്റന്റ് | 73500 | 42082 |
| 14 | ശിൽപ സെബാസ്റ്റ്യൻ | ഫിസിയോതെറാപ്പിസ്റ്റ് | 106500 | 63000 |
| 15 | ഹന സി | ഫിസിയോതെറാപ്പിസ്റ്റ് | 124000 | 72000 |
| 16 | റജില | നഴ്സിംഗ് അസിസ്റ്റന്റ് | 89000 | 42000 |
| 17 | മിഥുല വി വി | കൗൺസിലർ | 90000 | 45000 |
| 18 | ഡോ.രാജലക്ഷ്മി | ഡെന്റൽ സർജൻ | 92120 | 49000 |

| | | | | |
|---|---|---|---|---|
| 19 | ഡെൽന റജി | ഫിസിയോതെറാപ്പിസ്റ്റ് | 15000 | 43549 |
| 20 | സനു ചന്ദ്രൻ | ടെക്നിക്കൽ അസിസ്റ്റന്റ് | 1,95,000 | 1,30,000 |

60 ദിവസത്തിൽ കൂടുതൽ നൂൽപ്പുഴ ഗ്രാമ പഞ്ചായത്തിലെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തില് ജോലി ചെയ്തു വേതനം കൈപ്പറ്റിയ താഴെ പറയുന്ന കരാർ ജീവനക്കാരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര്, തസ്തിക | ഒന്നാംഅർദ്ധവർഷം അടക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷം അടക്കേണ്ട തൊഴിൽ നികുതി | ആകെ | അടച്ചത് | ബാക്കി |
|---|---|---|---|---|---|---|
| 1 | അശ്വതി കെ കെ,സ്റ്റാഫ് നഴ്സ് | 600 | 0 | 600 | 0 | 600 |
| 2 | പുഷ്പ ,ഹെൽത്ത് വർക്കർ | 750 | 450 | 1200 | 600 | 600 |
| 3 | സൗമ്യ പി ജി,മൾട്ടി പർപസ് വർക്കർ | 450 | 0 | 450 | 600 | 0 |
| 4 | മായ എൻ സി,സ്റ്റാഫ് നഴ്സ് | 0 | 450 | 450 | 0 | 450 |
| 5 | ഷെൽബി കെ എസ്,സ്റ്റാഫ് നഴ്സ് | 750 | 750 | 1500 | 750 | 750 |
| 6 | ഹർഷ മാർക്കോസ്,ഫാർമസിസ്റ്റ് | 450 | 0 | 450 | 0 | 450 |
| 7 | ലജ്ന നാസർലാബ് ടെക്നീഷ്യൻ | 750 | 600 | 1350 | 600 | 750 |
| 8 | ഡോ.വസന്ത് ലാൽ,ഡോക്ടർ | 1250 | 1250 | 2500 | 1250 | 1250 |
| 9 | മിനുവർഗ്ഗീസ്,ഫാർമസിസ്റ്റ് | 0 | 600 | 600 | 450 | 150 |
| 10 | സോണി ജോർജ് സ്പീച്ച് തെറാപ്പിസ്റ്റ് | 750 | 450 | 1200 | 750 | 450 |
| 11 | അമൽ കെ ഫ്രാൻസിസ്,ഫിസിയോതെറാപ്പിസ്റ്റ് | 1250 | 0 | 1250 | 0 | 1250 |
| 12 | സൗമ്യ പി ബി,നഴ്സിംഗ് അസിസ്ററന്റ് | 750 | 450 | 1200 | 0 | 1200 |
| 13 | ജുനൈദ അൻഷിദ,നഴ്സിംഗ് അസിസ്ററന്റ് | 600 | 300 | 900 | 750 | 150 |
| 14 | ശിൽപ സെബാസ്റ്റ്യന്,ഫിസിയോതെറാപ്പിസ്റ്റ് | 1000 | 600 | 1600 | 1000 | 600 |
| 15 | ഹന സി, ഫിസിയോതെറാപ്പിസ്റ്റ് | 1000 | 600 | 1600 | 1000 | 600 |
| 16 | റജില നഴ്സിംഗ് അസിസ്ററന്റ് | 750 | 300 | 1050 | 750 | 300 |
| 17 | മിഥുല വി വി കൗൺസിലർ | 750 | 450 | 1200 | 750 | 450 |
| 18 | ഡോ.രാജലക്ഷ്മി ഡെന്റൽ സർജന് | 750 | 450 | 1200 | 0 | 1200 |
| 19 | ഡെൽന റജി ഫിസിയോതെറാപ്പിസ്റ്റ് | 120 | 300 | 420 | 180 | 240 |
| 20 | സനു ചന്ദ്രൻ,ടെക്നിക്കൽ അസിസ്റ്റന്റ് | 1250 | 1250 | 2500 | 0 | 2500 |
| | | | | | ആകെ | 13940 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/13.9.2024) മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വേതനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനാൽ അധികം നൽകിയ 13940 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക്-ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങൽ അപാകതകൾ

2023-24 വർഷത്തിൽ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ താഴെ പറയുന്ന പ്രോജക്ടുകളിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്. ജെം പോർട്ടൽ മുഖേനയാണ് പർച്ചേസ് നടത്തിയത്.

| പ്രോജക്ടിന്റെ വിശദാംശങ്ങൾ | ചെലവ് തുക | വാങ്ങിയ ലാപ് ടോപ്പ് കമ്പ്യൂട്ടറിന്റെ |
|---|---|---|

| | | |
|---|---|---|
| | | വിശദാംശങ്ങൾ |
| 1)32/24, ആർദ്രം -ആരോഗ്യ ജാഗ്രത പകർച്ചവ്യാധി നിയന്ത്രണ പദ്ധതി<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം)<br>അടങ്കൽ:₹2,00,000/- (MG Non Road)<br>ലാപ് ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനം-<br>പാൽനിറോ ടെക്നോളജീസ്, താനെ | ₹2,00,000/-<br>മേൽചെലവിൽ (വൗച്ചർ നം. 1412049/20.03.2024) പ്രകാരം 38899 രൂപ ചെലവഴിച്ച് ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി. | Acer Lap Top Intel I5/ Win Pro<br>8GB RAM -512<br>SSD-14” Monitor |
| 2)212/24, ആർദ്രം -ഉവൽ സ്പർശം വയോജന പദ്ധതി<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം)<br>അടങ്കൽ:₹8,00,000= ( 3,00,000(General) + 5,00,000(Tsp))<br>ലാപ് ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനം-<br>ക്വിവന്റ് സൊല്യൂഷ® സ്, മുംബൈ | ₹5,79,398/-<br>(( 2,42,398(General) + 3,37,000(Tsp))<br>മേൽചെലവിൽ (വൗച്ചർ നം. 1030192/5.01.2024) പ്രകാരം 34399 രൂപ ചെലവഴിച്ച് ദന്തരോഗ ചികിൽസാ വിഭാഗത്തിലേക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി. | Acer Lap Top Intel I3/ Win Pro<br>8GB RAM -512<br>SSD-14” Monitor |
| 3)212/24, ആർദ്രം -ഇ ഹെൽത്ത് പദ്ധതി<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം)<br>അടങ്കൽ: ₹7,00,000= ( 2,00,000(General) + 5,00,000(CFC))<br>ലാപ് ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനം-<br>വൈദേഹി സിസ്റ്റംസ്, ജെയ്പൂർ | ₹6,98,797/-<br>(( 1,99,700(General) + 4,99,097(Tsp))<br>മേൽചെലവിൽ (വൗച്ചർ നം. 418597/5.08.2023) പ്രകാരം 57,700 രൂപ ചെലവഴിച്ച് ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി. | Acer Lap Top Intel I5/ Win Pro<br>16GB RAM -256<br>SSD-21” Monitor |
| 4)463/24, ആർദ്രം -സ്ത്രീകളിൽ ജീവിത ശൈലി<br>രോഗം ക്യാൻസർ സ്ക്രീനിംഗ് പദ്ധതി<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ (നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം)<br>അടങ്കൽ: ₹10,00,000=(General)<br>ലാപ് ടോപ്പ് കമ്പ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനം-<br>ക്വിവന്റ് സൊല്യൂഷ® സ്, മുംബൈ | ₹6,32,800/- (General)<br>മേൽചെലവിൽ (വൗച്ചർ നം. 1030185/5.01.2024) പ്രകാരം 33,800 രൂപ ചെലവഴിച്ച് ലാപ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി. | Acer Lap Top Intel I3/ Win Pro<br>8GB RAM -256<br>SSD-14” Monitor |

അപാകതകൾ

1) വിവിധ ജനവിഭാഗങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ചികിൽസാ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 4 ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. ഇത് ശരിയായ നടപടിയല്ല.സ്ഥാപനത്തിന് ആവശ്യമായ ഓഫീസ് ഉപകരണങ്ങളുടെ വാർഷിക കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭം തന്നെ നടത്തുകയും വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സാധനങ്ങളും സേവനങ്ങളും

സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജിഒ (പി)നം259/2010/LSGD Dtd 8.11.2010) വ്യക്തമാക്കിയിരിക്കുന്നത്. ഇതിനായി സെക്രട്ടറിക്കോ മെഡിക്കൽ ഓഫീസർക്കോ പ്രത്യേകം പദ്ധതി തയ്യാറാക്കാവുന്നതാണ്. നാളിതുവരെ എഫ്.എച്ച്.സി. യിലേക്ക് വാങ്ങിയ കമ്പ്യൂട്ടറുകളുടെ വർഷം തിരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

2)മേൽ പറഞ്ഞ ലാപ് ടോപ്പ് കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി/ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ക്യാപിറ്റൽ എക്സ്പെൻഡിച്ചർ ആയല്ല വാർഷിക കണക്കിൽ ചെലവ് കാണിച്ചത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/13.9.2024) മറുപടി നൽകിയിട്ടില്ല. ആയതിനാൽ കമ്പ്യൂട്ടറുകൾ വാങ്ങാൻ ചെലവഴിച്ച 1,64,798/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഭിന്നശേഷി സ്കോളർഷിപ്പ്- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നടപ്പാക്കിയ പ്രോജക്ടിൽ രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം-ഐസിഡിഎസ് സൂപ്പർവൈസർ | |
| 1) പ്രോജക്ട് നം , പേര്, അടങ്കൽ | 43/2024 ഭിന്നശേഷി സ്കോളർഷിപ്പ് -ജനറൽ |
